അദ്ധ്യാപനംപോലെ ഗൗരവമുള്ള, ഗൗരവബോധത്തോടെ നിർവ ഹിക്കേണ്ട, അർപ്പണം ആവശ്യപ്പെടുന്ന, ഒരു സേവനമാണ് സാഹിത്യ പത്രപ്രവർത്തനം. സേവനം എന്ന വാക്ക് ഊന്നിപ്പറയാൻഞാനാഗ്ര ഹിക്കുന്നു. ഒരു 'പ്രൊഫെഷൻ' എന്നതിലേറെ ഒരു മിഷൻ ആണ്, ആയിരിക്കണം സാഹിത്യപത്രപ്രവർത്തനം.

(എറണാകുളം ഭാരതീയ വിദ്യാഭവനിൽചെയ്ത കെ. എ. ദാമോദര മേനോൻ അനുസ്മരണപ്രസംഗം.)

## 52. സംബന്ധങ്ങൾ

മദ്രാസ്സിലെ അടയാർ ലൈബ്രറിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും ശതാബ്ദ്യാഘോഷത്തിന്റെ ഭാഗമായി 1987 ജൂൺ 10 മുതൽ 13 വരെ നടന്ന ഒരു പണ്ഡിതസംവാദത്തിൽ (കൊളോക്കിയം) പങ്കെടുക്കുന്നതി ന് എനിക്ക് അവസരം ലഭിച്ചു. 'സംബന്ധങ്ങളെ'സ്സംബന്ധിച്ച ദാർശ നിക സങ്കല്പനങ്ങളായിരുന്നു ഈ സംവാദത്തിന്റെ വിഷയം. ഭാരതീയ ദർശനങ്ങളിലും പാശ്ചാത്യ തത്ത്വചിന്താപദ്ധതികളിലും അവഗാഹം നേടിയ ഇരുപതോളം പണ്ഡിതന്മാർ ഈ സംവാദത്തിൽ ആദ്യന്തം വലിയ താല്പര്യത്തോടെ സന്നിഹിതരായിരുന്നു.

എന്താണ് 'സംബന്ധം' എന്നാൽ? പ്രപഞ്ചത്തെപ്പററിയുള്ള നമ്മുടെ അവബോധം, എല്ലായ്പ്പോഴും ഒന്നിലധികം വസ്തുക്കളെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണ്. ഇതെഴുതുമ്പോൾ ഞാൻ എന്റെ മുമ്പി ലുള്ള കടലാസ് മാത്രമല്ല, അതിന്റെ വെണ്മ എന്ന നിറവും കാണുന്നു ണ്ട്. ഈ കടലാസ്സിനു മീതെ എന്റെ പേന ചലിക്കുന്നു. കടലാസ്സിൽ നിന്നു വേറിട്ട് അതിന്റെ നിറത്തെയോ, നിറത്തിൽനിന്നു വേറിട്ട കേവലമായ കടലാസ്സിനെയോ ഞാൻ ഒരിക്കലും കാണുന്നില്ല. ഇതുപോ ലെ പേനയും ചലനവും പരസ്പരാശ്രിതങ്ങളാണ്. അന്യോന്യം ബന്ധ പ്പെട്ട വസ്തുക്കളെയാണു പ്രപഞ്ചത്തിൽ നാം സാക്ഷാല്കരിക്കുന്നത്.

കടലാസ് ഒരു ദ്രവ്യവും വെണ്മ അതിന്റെ ഗുണവും ആകുന്നു. വെണ്മ എന്ന ഗുണം കടലാസ് എന്ന ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നു. ഗുണം ദ്രവ്യത്തെ ആശ്രയിക്കുന്നത് അല്ലെങ്കിൽ ദ്രവ്യത്തിൽ വർത്തിക്കുന്നത് അവയു തമ്മിൽ സംബന്ധമുള്ളതിനാലാണ്. നിറമുള്ള വസ്തുക്കൾക്കും നിറത്തിനും തമ്മിലുള്ള സംബന്ധം നിത്യമാകുന്നു. നിറവും വസ്തുവും ഉള്ള കാലത്തോളം അവ തമ്മിലുള്ള സംബന്ധം നിലനിൽക്കുന്നു എന്നു പറയേണ്ടതില്ല. എന്നാൽ, നിറവും വസ്തുവും ഇല്ലാതായാലും സംബന്ധം എവിടെ പോവാനാണ്? അതു് അപ്പോഴും നിലനിൽക്കുന്നു. നിത്യ മായ ഈ സംബന്ധത്തെ ഭാരതീയ ദാർശനികർ 'സമവായം' എന്നു വി ളിക്കുന്നു. ഗുണവും ദ്രവ്യവും തമ്മിലും, ക്രിയയും (ചലനവും) ദ്രവ്യവും തമ്മിലുമുള്ള സംബന്ധം സമവായമാകുന്നു.

ഒരു മനുഷ്യൻ മററൊരു മനുഷ്യനെപ്പോലെയല്ല; ഒരു കുടം മററൊരു കുടത്തെപ്പോലെയുമല്ല. വ്യക്തികൾക്ക തമ്മിൽത്തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ടായാലും എല്ലാ മനുഷ്യരേയും 'മനുഷ്യർ' എന്നു നാം വ്യവഹരിക്കുന്നു. ചുവന്ന കുടത്തെയും കറുത്ത കുടത്തെയും 'കുടം' ആയി നാം കാണുന്നു. മനുഷ്യവ്യക്തികളെ മുഴുവൻ മനുഷ്യരായി കാണുന്നതിനും വ്യവഹരിക്കുന്നതിനും കാരണം, എല്ലാ മനുഷ്യവ്യക്തികളിലും 'മനുഷ്യ ത്വം' എന്ന ജാതി (സാമാന്യം) അടങ്ങിയിരിക്കുന്നതാണ്. ഇതുപോ

ലെ എല്ലാ കുടങ്ങളിലും 'ഘടത്വം' എന്ന ജാതി അടങ്ങിയിരിക്കുന്നു. ഒരു കുടം നശിക്കുമ്പോഴും അതിലുള്ള ഘടത്വമെന്ന ജാതിക്കു നാശമില്ല. അതു നിത്യമാകുന്നു. നിത്യമായ ജാതിയും അനിത്യമായ വ്യക്തിയും തമ്മിലുള്ള സംബന്ധവും നിത്യമാണ്; അതിനാൽ ആ സംബന്ധത്തെയും 'സമവായം' എന്നു വിളിക്കുന്നു.

ചൂളയ്ക്കു വെക്കുംമുമ്പു കുടത്തിന്റെ രണ്ടു പകുതികൾ (കപാലങ്ങൾ) തമ്മിൽ തല്ലിച്ചേർത്താണ് കുശവൻ കുടം ഉണ്ടാക്കുന്നത്. നൂലുകൾ ചേർത്തു നെയ്തു വസ്ത്രം ഉണ്ടാക്കുന്നു. കപാലങ്ങളും നൂലുകളും 'കാരണ'ങ്ങളാണ്. ഘടവും വസ്ത്രവും 'കാര്യ'ങ്ങളും. കപാലങ്ങളുടെ സവിശേഷ സംവിധാനമാണ് ഘടം. നൂലുകളുടെ സവിശേഷ സംവിധാനം വസ്ത്രം. കപാലങ്ങളിൽ ഘടവും നൂലുകളിൽ വസ്ത്രവും—അതായതു കാരണത്തിൽ കാര്യം സ്ഥിതിചെയ്യുന്നു. കാരണവും കാര്യവും തമ്മിലുള്ള സംബന്ധവും 'സമവായം'തന്നെ. കാരണവും കാര്യവും (കപാലവും ഘടവും) ഇല്ലാതാവുമ്പോഴും അവ തമ്മിലുള്ള സംബന്ധം നശിക്കാതെ നിലനിൽക്കുന്നു.

പ്രശ്നം ഇവിടെ അവസാനിക്കുന്നില്ല; ആരംഭിക്കുന്നേയുള്ളു. കടലാസ്സും അതിന്റെ വെണ്മ എന്ന ഗുണവും തമ്മിലുള്ള സംബന്ധത്തെ തൽക്കാലത്തേക്കു വിട്ട്, കടലാസ്സും അതിരിക്കുന്ന മേശയും തമ്മിലുള്ള സംബന്ധത്തെപ്പററി ആലോചിക്കുക. കടലാസ്സും മേശയും രണ്ടു വ്യത്യസ്ത ദ്രവ്യങ്ങളാണ്. അവ തമ്മിലുള്ള ബന്ധം 'സംയോഗം' എന്നറിയപ്പെടുന്നു. എന്നാൽ, കടലാസ്സിനും അതിന്റെ വെണ്മയ്ക്കും തമ്മിൽ, കടലാസ്സിനും അതിരിക്കുന്ന മേശയ്ക്കും തമ്മിലുള്ളതുപോലെ ആത്യന്തികമായ ഭേദമില്ല. കടലാസ്സില്ലാതെ അതിന്റെ വെണ്മയോ, വെണ്മ (അല്ലെങ്കിൽ മറെറതെങ്കിലും നിറം) ഇല്ലാതെ കടലാസ്സോ ഇല്ല. അതായതു്, ദ്രവ്യവും അതിന്റെ ഗുണവും, ദ്രവ്യവും അതിലെ ചലനവും (ക്രിയയും) 'അയുതസിദ്ധ'ങ്ങളാകുന്നു. അയുതസിദ്ധങ്ങളുടെ സംബന്ധമാണ് 'സമവായം.' ഭാരതീയദർശനങ്ങളിൽ ന്യായവും വൈശേഷികവും (തർക്കശാസ്ത്രത്തിലെ രണ്ടു ചിന്താധാരകളാണിവ.) മീമാംസയിലെ രണ്ടു പദ്ധതികളിലൊന്നായ പ്രാഭാകരവും സമവായ സംബന്ധത്തെ അംഗീകരിക്കുന്നു. ദ്രവ്യങ്ങളും അവയിലെ ഗുണക്രിയകളും അനന്തങ്ങളെങ്കിലും അവയെ തമ്മിൽ ബന്ധിക്കുന്ന സമവായം ഒന്നേ ഉള്ളു എന്ന അഭിപ്രായമാണ് ഭാരതീയ ദാർശനികരിൽ അധികംപേരും പുലർത്തുന്നതു്. അതായതു്, കടലാസ്സും അതിന്റെ വെണ്മയും തമ്മിലുള്ള അതേ സംബന്ധമാണ് പേനയും അതിന്റെ ചലനവും തമ്മിലും, മനുഷ്യനും അവന്റെ മനുഷ്യത്വവും തമ്മിലുമുള്ളതു്. അതേസമയം, സംബന്ധികളുടെ ഭേദമനുസരിച്ച് സംബന്ധവും വ്യത്യസ്തമാണെന്നു്, അതായതു് എണ്ണമററ സമവായങ്ങൾ ഉണ്ടെന്നു കരുതുന്നവരും ഇല്ലായ്കയില്ല.

സാംഖ്യദർശനവും മീമാംസയിലെ ഭാട്ടപദ്ധതിയും വ്യാവഹാരിക കാര്യങ്ങളെസ്സംബന്ധിച്ചിടത്തോളം ഏറെക്കുറെ ഭാട്ടമീമാംസാപദ്ധതിയെ അംഗീകരിക്കുന്ന അദ്വൈതവേദാന്തവും സമവായമെന്ന ഒരു സംബന്ധമുള്ളതായി അംഗീകരിക്കുന്നില്ല. ദ്രവ്യത്തിൽനിന്നു് അതിരിക്തമായി ഗുണമോ, ക്രിയയോ നിലനിൽക്കുന്നില്ലെന്ന അവരുടെ ധാരണയാണ് ഈ മതഭേദത്തിനു കാരണം. കടലാസ്സും അതിന്റെ വെണ്മയും തമ്മിൽ യഥാർത്ഥത്തിൽ ഒരു വ്യത്യാസവുമില്ല. അതായതു്, തത്ത്വമീമാംസാപരമായോ (മെററാഫിസിക്കൽ), സത്താമീമാംസാപരമായോ (ഓണ്ടോളജിക്കൽ) ആയി നോക്കുമ്പോൾ ദ്രവ്യവും ഗുണവും ഒന്നുതന്നെ. അതേസമയം, 'കടലാസ്സിന്റെ വെണ്മ' എന്നും 'വെളുത്ത കടലാസ്സ്' എന്നും പ്രത്യക്ഷജ്ഞാനവും വ്യവഹാരവും നമുക്ക് ഉണ്ടു്. അതിനാൽ,

ജ്ഞാനമീമാംസാപരമായും (എപ്പിസ്റ്റമോളജിക്കൽ) ഭാഷാപരമായും (ലിംഗ്വിസ്റ്റിക്കൽ) ദ്രവ്യവും ഗുണവും വ്യത്യസ്തങ്ങളാണെന്നും സമ്മതിക്കേണ്ടിവരും. ഇങ്ങനെ ഒരേ സമയം അഭേദവും ഭേദവുമുള്ള പദാർത്ഥങ്ങളുടെ സംബന്ധത്തെ സാംഖ്യരും ഭാട്ടമീമാംസകരും അദ്വൈതികളും 'താദാത്മ്യം' എന്നു വിളിക്കുന്നു. താദാത്മ്യമെന്നതു ഭേദാഭേദരൂപമായ സംബന്ധമാകുന്നു.

സമവായമെന്ന സംബന്ധത്തെ ഇവർ നിരാകരിക്കുന്നതിനു പല കാരണങ്ങളുമുണ്ട്. മേശയും അതിന്മേലുള്ള കടലാസ്സിനും തമ്മിലുള്ള ബന്ധം 'സംയോഗ'മാണെന്നു പറഞ്ഞുവല്ലോ. നിറം മുതലായവപോലെ 'സംയോഗം' എന്ന സംബന്ധം ഒരു ഗുണം ആണെന്നും, അതു ദ്രവ്യത്തിൽ വർത്തിക്കുന്നതിനു സമവായം എന്ന മറ്റൊരു സംബന്ധം ആവശ്യമാണെന്നും ന്യായദർശനവും വൈശേഷികദർശനവും സിദ്ധാന്തിക്കുന്നു. അതായത്, കടലാസ്സിന്റെ സംയോഗം സമവായ സംബന്ധം മുഖേന മേശയിൽ ഇരിക്കുന്നു. അങ്ങനെയെങ്കിൽ, സമവായ സംബന്ധം ദ്രവ്യത്തിൽ (മേശയിൽ) ഇരിക്കുന്നതിനും മറ്റൊരു സംബന്ധം ആവശ്യമായിവരികയില്ലേ? ഇങ്ങനെ സംബന്ധങ്ങളുടെ പരമ്പര അനന്തമായി നീണ്ടുപോയാൽ ഗുണം ദ്രവ്യവുമായി എങ്ങനെ ബന്ധപ്പെടും? 'താദാത്മ്യം' ആകട്ടെ, സംബന്ധമെന്നു വിളിക്കപ്പെടുന്നുവെങ്കിലും, യഥാർത്ഥത്തിൽ ഗുണത്തിൽനിന്നു ഭിന്നമല്ലാത്ത ദ്രവ്യം (വെണ്മയിൽനിന്നു വ്യത്യസ്തമല്ലാത്ത കടലാസ്) മാത്രമാകയാൽ അവിടെ മുൻപറഞ്ഞ സംബന്ധാന്തരത്തിന്റെയും തദ്വാരാ 'അനവസ്ഥ'യുടെയും പ്രശ്നം ഉത്ഭവിക്കുന്നില്ല എന്നു സാംഖ്യരും ഭാട്ടമീമാംസകരും അദ്വൈതവേദാന്തികളും പറയുന്നു. പക്ഷേ, താദാത്മ്യമെന്നതു ദ്രവ്യംതന്നെ എങ്കിൽ, അതു സംബന്ധമല്ലാതായിത്തീരുമെന്നും, വെണ്മയേയും കടലാസ്സിനെയും ബന്ധപ്പെടുത്തുന്നതെന്ത് എന്ന പ്രശ്നം അങ്ങനെ പുനരാവിർഭവിക്കുമെന്നും എതിരാളികളുടെ ആക്ഷേപം അപ്പോൾ പ്രസക്തമായിത്തീരുന്നു. ചുരുക്കത്തിൽ കടലാസ്സും അതിന്റെ നിറവും തമ്മിലുള്ള സംബന്ധം എന്ത് എന്ന നൂററാണ്ടുകൾക്കു മുമ്പു തുടങ്ങിയ വാദത്തിന് ഇന്നും സർവസമ്മതമായ പരിഹാരം ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെയാണു സർവതന്ത്രസ്വതന്ത്രനെന്ന് എല്ലാ ഭാരതീയരും അംഗീകരിച്ചിട്ടുള്ള വാചസ്പതിമിശ്രൻ 'താല്പര്യടീക' എന്ന ന്യായശാസ്ത്രഗ്രന്ഥത്തിൽ സമവായ സംബന്ധത്തെ അംഗീകരിച്ചിരിക്കെത്തന്നെ 'ഭാമതി' എന്ന അദ്വൈതവേദാന്തഗ്രന്ഥത്തിൽ അതിനെ നിരസിച്ചിട്ടുള്ളത്. വ്യത്യസ്തങ്ങളായ നിലപാടുകളിൽനിന്നു നോക്കുമ്പോൾ സംബന്ധത്തിന്റെ സ്വഭാവം വ്യത്യസ്തമായി കാണപ്പെടുന്നതിനാലാണ് ഈ വൈരുദ്ധ്യം.

വസ്തുക്കളുടെയെന്നപോലെ അവയുടെ അഭാവത്തിന്റെയും (ഇല്ലായ്മയുടെയും) ബോധം നമുക്ക് ഉണ്ടല്ലോ. നിലത്ത് ഒരു കടം ഉണ്ടെങ്കിൽ നാം അതു കാണും; നിലത്തു കടം ഇല്ലെങ്കിൽ 'കടം ഇല്ല' എന്ന ബോധവും നമുക്കുണ്ടാവും. അഭാവത്തെ സംബന്ധിച്ച ബോധം നമുക്കുണ്ടാവുന്നത് 'അനുപലബ്ധി' എന്ന പ്രത്യക്ഷാദി തുല്യമായ പ്രമാണംകൊണ്ടാണെന്നു ചില ദാർശനികർ കരുതുന്നു. എന്നാൽ, വസ്തുക്കളെ സാക്ഷാല്ക്കരിക്കുന്ന അതേ ഇന്ദ്രിയങ്ങൾകൊണ്ടുതന്നെ (അതായത്, പ്രത്യക്ഷപ്രമാണംകൊണ്ടുതന്നെ) വസ്തുക്കളുടെ അഭാവത്തെയും സാക്ഷാല്ക്കരിക്കാമെന്നും, അതിനാൽ അനുപലബ്ധി എന്ന മറ്റൊരു പ്രമാണം ആവശ്യമില്ലെന്നു മത്രേ നൈയായികർ സിദ്ധാന്തിക്കുന്നത്.

കടം എന്ന വസ്തുവിൽ ചക്ഷുരിന്ദ്രിയത്തിന്റെ സംയോഗം ഉണ്ടാവുമ്പോൾ നാം കടത്തെ കാണുന്നു. കടത്തിൽ ചെന്നു തട്ടുന്നതുപോലെ കണ്ണ് 'കടമില്ലായ്മ'യിൽ ചെന്നു തട്ടുകയില്ലല്ലോ. ഘടാഭാവത്തിൽ ചക്ഷു

സ്സംയോഗമില്ലെങ്കിൽ, 'നിലത്തു് കുടം ഇല്ല' എന്ന പ്രത്യക്ഷജ്ഞാനം നമുക്കു് എങ്ങനെ ഉണ്ടാവുന്നു എന്ന ചോദ്യത്തിനു് നൈയായികർ ഉത്തരം പറയേണ്ടിയിരിക്കുന്നു.

'ഘടാഭാവമുള്ള ഭൂതലം' എന്നോ, 'ഭൂതലത്തിൽ ഘടാഭാവം' എന്നോ ആണല്ലോ, അഭാവത്തെ സംബന്ധിച്ച നമ്മുടെ പ്രതീതി. ദ്രവ്യം, ഗുണം, ക്രിയ മുതലായവപോലെ അഭാവവും ഒരു 'പദാർത്ഥം' ആണെന്നു് നൈയായികർ കരുതുന്നു. മറ്റൊന്നിന്റെ (ഭൂതലത്തിന്റെ) വിശേഷണമോ, വിശേഷ്യമോ എന്ന നിലയിലാണു് അഭാവത്തെസ്സംബന്ധിച്ച നമ്മുടെ ബോധം. ഈ മറ്റൊന്നിൽ (ഭൂതലത്തിൽ) ചക്ഷുസ്സ് എന്ന ഇന്ദ്രിയം സംയോഗം എന്ന സംബന്ധത്തിലൂടെ വർത്തിക്കുന്നു; അതിൽത്തന്നെ ഘടാഭാവം എന്ന പദാൎത്ഥം 'സ്വരൂപ'സംബന്ധത്തിലൂടെയും വർത്തിക്കുന്നു. അതായതു ഭൂതലത്തിലെ ഘടാഭാവം, യഥാർത്ഥത്തിൽ, ഭൂതലസ്വരൂപംതന്നെ. ഘടാഭാവത്തെപ്പററിയുള്ള ബോധം നമുക്കു് ഉണ്ടാകുന്ന സമയവുമായി ബന്ധപ്പെട്ട ഭൂതലമാണു്, ഘടാഭാവവും ചക്ഷുസ്സുമായുള്ള സംബന്ധം. ഈ സംബന്ധം നിമിത്തമാണു് 'നിലത്തു കുടമില്ല' എന്ന അഭാവപ്രത്യക്ഷം നമുക്കുണ്ടാകുന്നതു്. സ്വരൂപസംബന്ധമെന്ന ഈ സങ്കല്പനത്തെ സംബന്ധിച്ചുമുണ്ടു് ദാർശനികർക്കിടയിൽ നിരവധി അഭിപ്രായഭേദങ്ങരം.

കാരണവും (നൂലും) കാര്യവും (വസ്ത്രവും) തമ്മിലുള്ള സംബന്ധം സമവായമാണെന്നു മുമ്പു പറയുകയുണ്ടായല്ലോ. നൈയായികരാണു് ഇങ്ങനെ സിദ്ധാന്തിക്കുന്നതു്. യഥാൎത്ഥത്തിൽ കാരണവും കാര്യവും തമ്മിലുള്ള ബന്ധം നിർവചിക്കുക ദുഷ്കരമാകുന്നു. പരുത്തി വസ്ത്രമാവുമ്പോരം, അല്ലെങ്കിൽ മണ്ണു കുടമാവുമ്പോരം, യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്താണു്? പരുത്തിതന്നെയാണു വസ്ത്രം: മണ്ണുതന്നെയാണു കുടം. അതിനാൽ കാരണം പരിണമിച്ചു കാര്യം ആയിത്തീരുകയാണെന്നും, അവയു തമ്മിലുള്ള ബന്ധം 'താദാത്മ്യം' ആണെന്നും പല ദർശനപദ്ധതികളും സിദ്ധാന്തിക്കുന്നു. തികച്ചും ഇല്ലാത്ത ഒന്നു് (മുയൽക്കൊമ്പു്, ആകാശപുഷ്പം) ആരും ഉണ്ടാക്കാറില്ല. കാരണത്തിൽ നിലീനമായ വസ്തുവിനെ മാത്രമേ കാരണം ഉപയോഗിച്ചു് ഉണ്ടാക്കാൻ കഴിയൂ. പരുത്തികൊണ്ടു വസ്ത്രമല്ലാതെ കുടമുണ്ടാക്കാൻ കഴിയില്ല; മണ്ണുകൊണ്ടു് കുടമല്ലാതെ വസ്ത്രം ഉണ്ടാക്കുകയും സാദ്ധ്യമല്ല. അതിനാൽ വസ്ത്രം പരുത്തിയിലും കുടം മണ്ണിലും മുമ്പുതന്നെ നിലനിന്നിരുന്നുവെന്നു പറയണം. നൂല്പു്– നെയ്ത്തുകാരുടെയും കുശവന്മാരുടെയും അദ്ധ്വാനം പരുത്തിയിലെ വസ്ത്രത്തെയും മണ്ണിലെ ഘടത്തെയും അഭിവ്യക്തങ്ങളാക്കുകയേ ചെയ്യുന്നുള്ളു. മണ്ണു് മണ്ണായിരിക്കുമ്പോരം, അതിലുള്ള കുടത്തെ അതിന്റെ മൺകട്ട—രൂപം ആവരണം ചെയ്യുന്നു. ഈ ആവരണത്തെ നശിപ്പിച്ചു്, കുടത്തിന്റെ രൂപത്തെ അഭിവ്യഞ്ജിപ്പിക്കുകയാണു് കുശവൻ ചെയ്യുന്ന കൃത്യം. സാംഖ്യദർശനവും യോഗദർശനവും മുന്നോട്ടുവയ്ക്കുന്ന 'സൽകാര്യവാദം' ഇതാകുന്നു. ഇവിടെ കാര്യ—കാരണങ്ങരംക്കു തമ്മിലുള്ള ബന്ധം 'താദാത്മ്യ'മാണെന്നു മുമ്പു പറഞ്ഞുവല്ലോ. അദ്വൈതവേദാന്തികളും ഒരർത്ഥത്തിൽ സൽകാര്യവാദികരംതന്നെ. വ്യാവഹാരികാവസ്ഥയിൽ പരിണാമവാദത്തെ അവരും അംഗീകരിക്കുന്നു. എന്നാൽ, പാരമാർത്ഥിക ദശയിൽ ബ്രഹ്മമെന്ന പരമകാരണത്തിനു മാത്രമേ സത്തയുള്ളു എന്നും വ്യാവഹാരികദശയിൽ രജ്ജുവിൽ സർപ്പംപോലെ ബ്രഹ്മത്തിൽ പ്രപഞ്ചം പ്രതിഭാസിക്കുക മാത്രമാണു ചെയ്യുന്നതു് എന്നും അവർ സിദ്ധാന്തിക്കുന്നു. ഇതത്രേ 'വിവർത്തവാദം'. യഥാൎത്ഥത്തിൽ അദ്വൈതവാദികളെ വിവരിക്കേണ്ടതു് 'സൽകാരണ വാദികരം' എന്നാണു് കാരണം, അവരെ സംബന്ധിച്ചിടത്തോളം ഉണ്മയുള്ളതു പരമകാരണമായ ബ്രഹ്മത്തിനു മാത്രമാകുന്നു.

കാരണത്തിൽനിന്നു കാര്യം ഉണ്ടാവുന്നു എന്നാണു ന്യായ–വൈശേഷിക–മീമാംസാദർശനങ്ങൾ സിദ്ധാന്തിക്കുന്നത്. ഇതിനെ 'ആരംഭവാദ'മെന്നോ 'ഉല്പത്തിവാദ'മെന്നോ പറയുന്നു. ഇവരുടെ അഭിപ്രായത്തിൽ, കാരണവും കാര്യവും വിഭിന്നങ്ങളാണ്. പരുത്തിയിൽനിന്നു വസ്ത്രവും മണ്ണിൽനിന്നു കുടവും വ്യത്യാസപ്പെട്ടിരിക്കുന്നു. വസ്ത്രവും കുടവും (കാര്യം) മുമ്പു നിലവിലില്ല. നെയ്ത്തുകാരന്റെയും കുശവന്റെയും പ്രവർത്തനംകൊണ്ടു പുതുതായി അവ ഉണ്ടാവുകയാണുചെയ്യുന്നത്. ഇതത്രേ 'അസൽ കാര്യവാദം'. ഇവരുടെ അഭിപ്രായത്തിൽ, കാരണവും കാര്യവും തമ്മിലുള്ളതു സമവായമെന്ന സംബന്ധമാണെന്നു മുമ്പു പറഞ്ഞുവല്ലോ.

കാരണ–കാര്യങ്ങൾ തമ്മിലുള്ള സംബന്ധത്തെയും പല നിലപാടുകളിൽനിന്നു പലവിധത്തിൽ നിർവചിക്കാവുന്നതാണ്. സത്താമീമാംസാപരമായി നോക്കുമ്പോൾ കാര്യം കാരണംതന്നെ. അതായതു വസ്ത്രം പരുത്തി (കുടം മണ്ണ്) തന്നെ. എന്നാൽ, ജ്ഞാനമീമാംസപരമായ വീക്ഷണത്തിൽ കാര്യം കാരണത്തിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. കുടത്തെക്കാണുമ്പോൾ 'മണ്ണ്' എന്ന ബോധമല്ലല്ലോ നമുക്ക് ഉണ്ടാവുന്നത്; മറെറാരു വിധത്തിൽ പറഞ്ഞാൽ, 'കുടം' എന്ന ബോധവും 'മണ്ണ്' എന്ന ബോധവും ഒന്നല്ലല്ലോ.

അകലെയുള്ള മലയിൽ പുക കാണുന്നതുകൊണ്ട്, അവിടെ തീ ഉണ്ട് എന്നു നാം മനസ്സിലാക്കാറുണ്ട്. ഇതാണ് 'അനുമിതി' എന്ന ജ്ഞാനം. അനുമിതിയുമായി ബന്ധപ്പെട്ടത്തി പുകയെ 'ഹേതു' എന്നും തീയിനെ 'സാദ്ധ്യം' എന്നും പറയുന്നു. ഹേതുവും സാദ്ധ്യവും തമ്മിലുള്ള സംബന്ധമാണ് 'വ്യാപ്തി'. വ്യാപ്തിയെപ്പററി ഭാരതീയ ദർശനങ്ങളിലുള്ള ചർച്ച പരപ്പേറിയതും സൂക്ഷ്മവും ദുർഗ്രഹവുമത്രേ.

അരിസ്റ്റോട്ടിൽമുതൽക്കിങ്ങോട്ടുള്ള പാശ്ചാത്യ ദാർശനികരും സംബന്ധങ്ങളെപ്പററി വിസ്തരിച്ചു ചർച്ചചെയ്തിട്ടുണ്ട്. ബ്രാഡ്‌ലി, ഗ്രീൻ, റസ്സൽ മുതലായവരിലൂടെ ഈ ചർച്ച അവിരാമമായി നീണ്ടുപോകുന്നു. സംബന്ധങ്ങളെ ബാഹ്യങ്ങളെന്നും ആഭ്യന്തരങ്ങളെന്നും പാശ്ചാത്യർ വിഭജിച്ചിട്ടുണ്ട്. ഭാരതീയദർശനങ്ങളിൽ ഇത്തരമൊരു വിഭജനം അംഗീകരിച്ചിട്ടില്ല. പാശ്ചാത്യർ യാഥാർത്ഥ്യത്തിന്റെ ഒരു അടിസ്ഥാന ഘടകമായി സംബന്ധങ്ങളെ കണക്കാക്കുന്നു. ഭാരതീയ ദാർശനികർ ഈ നിലപാടു സ്വീകരിക്കുന്നില്ല.

തിരക്കോ, ബഹളമോ ഒട്ടുമില്ലാത്ത തിയസോഫിക്കൽ സൊസൈററിയിലെ പ്രശാന്തമായ അന്തരീക്ഷത്തിൽ, പ്രായോഗികകാര്യങ്ങളിൽനിന്നെല്ലാം വിട്ടകന്ന് അമൂർത്തങ്ങളായ ഇത്തരം ചർച്ചകളിൽ മൂന്നു ദിവസം മുഴുകിക്കഴിഞ്ഞപ്പോൾ, ഏതാണ്ട് അരനൂററാണ്ടു മുമ്പ് തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ആണ്ടുതോറും നടക്കാറുള്ള വാക്യാർത്ഥസദസ്സുകൾ എന്റെ ഓർമയിൽ ഉണർന്നുവന്നു. ഒരാൾക്ക് എത്രമാത്രം ആഴത്തിൽ ചിന്തിക്കാനും എത്രമാത്രം പരപ്പിൽ പ്രാചീന ഗ്രന്ഥങ്ങളിലെ പംക്തികൾ ഓർമിക്കാനും കഴിയുമെന്ന് ഏകദേശമായെങ്കിലും ഞാൻ മനസ്സിലാക്കിയതു് ഈ വാക്യാർത്ഥസദസ്സുകളിൽനിന്നായിരുന്നു. ബഹുധാക്ലിഷ്ടമായ നമ്മുടെ ഭൗതിക ജീവിതത്തെ അല്പമെങ്കിലും പുരോഗമിപ്പിക്കാൻ ഈ ചർച്ചകൾ ഉതകിയിരുന്നുവോ എന്നതു മറെറാരു കാര്യം. 'ജ്ഞാനത്തിൽ ഫലം ജ്ഞാനം' എന്നു വിശ്വസിക്കുന്നവർക്കേ ഇവ പ്രസക്തങ്ങളായി അനുഭവപ്പെടുകയുള്ളൂ. ഈ വിശ്വാസമുള്ളവരാകട്ടെ, എന്നും ഇത്തരം ചർച്ചകൾ തേടിപ്പോവുകയുംചെയ്യും എന്നതിന് അരിസ്റ്റോട്ടിലും അടയാർ കൊളോക്കിയത്തിൽ പങ്കെടുത്ത പണ്ഡിതന്മാരും സാക്ഷ്യം വഹിക്കുന്നു.

(28 ജൂൺ, 1987)